# വന്ധ്യമായ ഉച്ചകോടികള്‍

**അമേരിക്ക,** ഫ്രാന്‍സ്, കാനഡ, ജര്‍മനി, ഇറ്റലി, റഷ്യ, ജപ്പാന്‍ എന്നീ ജി-എട്ട് രാജ്യങ്ങളുടെ ഉച്ചകോടി ജൂലൈ രണ്ടാം വാരത്തില്‍ ഇറ്റലിയിലെ ഭൂകമ്പബാധിത നഗരമായ ലാകിലയില്‍ നടന്നു. ചൈന, ഇന്ത്യ, ദക്ഷിണാഫ്രിക്ക, മെക്സിക്കോ, ബ്രസീല്‍ എന്നീ ജി-അഞ്ച് വികസ്വര രാജ്യങ്ങള്‍ സമ്മേളനത്തിലേക്ക് പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്നു. ഉച്ചകോടിക്ക് തൊട്ടുമുമ്പ് വേള്‍ഡ് ട്രേഡ് ഓര്‍ഗനൈസേഷന്‍ ചെയര്‍മാന്‍ പാസ്ക്കല്‍ ലാമി, ലോകം ഇന്നനുഭവിക്കുന്ന സാമ്പത്തിക കുഴപ്പം തുടക്കം മാത്രമാണെന്നും അത് രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിലേക്കു കൂടി വ്യാപിക്കാന്‍ പോവുകയാണെന്നും മുന്നറിയിപ്പ് നല്‍കുകയുണ്ടായി. ഭൂമിയുടെ നിലനില്‍പിന് ഭീഷണിയായ ഹരിതഗൃഹവാതക നിര്‍ഗമനം 2050ഓടെ 50 ശതമാനം കുറക്കാന്‍ നടപടി സ്വീകരിക്കണമെന്ന് യു.എന്‍ ജനറല്‍ സെക്രട്ടറി ബാന്‍ കി മൂണ്‍ വ്യാവസായിക രാഷ്ട്രങ്ങളോട് ആവശ്യപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തില്‍ ചേരുന്ന ജി-എട്ട് ഉച്ചകോടി, സാമ്പത്തികക്കുഴപ്പവും പരിസ്ഥിതി ദൂഷണവും പരിഹരിക്കുന്നതിന് ഫലപ്രദമായ പദ്ധതികളാവിഷ്കരിക്കുമെന്ന് ലോകം പ്രതീക്ഷിച്ചത് സ്വാഭാവികം.

സമകാലീന ലോകം നേരിടുന്ന ഏതാണ്ടെല്ലാ പ്രശ്നങ്ങളും സമ്മേളനത്തില്‍ ചര്‍ച്ച ചെയ്യപ്പെടുകയുണ്ടായി. പക്ഷേ, പങ്കെടുത്ത രാജ്യങ്ങളെല്ലാം പ്രശ്നങ്ങളില്‍ അവരവരുടെ നിലപാടുകളും നിര്‍ദേശങ്ങളും അവതരിപ്പിച്ചതിനപ്പുറം ഏകകണ്ഠവും പ്രതിജ്ഞാബദ്ധവും ക്രിയാത്മകവുമായ ഒരു തീരുമാനവും ഉണ്ടായില്ല എന്നത് നിരാശാജനകമാണ്. ആഗോള താപനത്തിന്റെ കാര്യത്തിലായാലും സാമ്പത്തിക കുഴപ്പത്തിന്റെ കാര്യത്തിലായാലും സ്വതന്ത്ര വ്യാപാരത്തിലായാലും രാഷ്ട്രീയ വിഷയങ്ങളിലായാലും സമവായത്തിലെത്താനാവാത്ത വിധം മൗലികമായ അന്തരം പുലര്‍ത്തുന്നു, വികസിത-വികസ്വര ലോകങ്ങളുടെ കാഴ്ചപ്പാടുകള്‍ എന്നതാണ് കാരണം. സാമ്പത്തിക കുഴപ്പം പരിഹരിച്ചേ തീരൂ എന്നതില്‍ എല്ലാവരും ഏകാഭിപ്രായക്കാരാണ്. പക്ഷേ വികസിത ലോകവും വികസ്വരലോകവും അതിനു കാണുന്ന മാര്‍ഗം വ്യത്യസ്തമാണ്. വികസിത ലോകത്തിനുള്ളില്‍ തന്നെയും ഇക്കാര്യത്തില്‍ വീക്ഷണവ്യത്യാസങ്ങള്‍ നിലനില്‍ക്കുന്നുണ്ട്. ഉദാഹരണമായി അമേരിക്കയുടെയും ബ്രിട്ടന്റെയും കാഴ്ചപ്പാടല്ല ഫ്രാന്‍സിനും ജര്‍മനിക്കുമുള്ളത്. ഇപ്പോഴത്തെ സാമ്പത്തിക കുഴപ്പം അമേരിക്കയുടെയും ബ്രിട്ടന്റെയും ആംഗ്ലോ സാക്സന്‍ കാപിറ്റലിസത്തിന്റെ സൃഷ്ടിയാണെന്നാണ് ഫ്രാന്‍സും ജര്‍മനിയും അവരെ പിന്തുണക്കുന്നവരും വാദിക്കുന്നത്. തങ്ങള്‍ മുന്നോട്ടു വെക്കുന്ന റഗുലേറ്റഡ് കാപിറ്റലിസം പിന്തുടരുകയാണെങ്കില്‍ ഈ കുഴപ്പം ഒഴിവാക്കാമായിരുന്നുവെന്നാണ് അവരുടെ നിലപാട്.

വര്‍ധിച്ചുവരുന്ന ആഗോളതാപനവും ജല-വായു മലിനീകരണവും കുറക്കണമെന്ന കാര്യത്തിലും ആര്‍ക്കും തര്‍ക്കമില്ല. വികസിത-വികസ്വര ലോകങ്ങള്‍ തമ്മിലുള്ള വീക്ഷണ വ്യത്യാസങ്ങള്‍ തന്നെയാണിവിടെയും പ്രശ്നം. വന്‍ വ്യവസായങ്ങളുടെ സാന്ദ്രത മാത്രമല്ല, വേറെ പലതുമുണ്ട് അന്തരീക്ഷ താപനത്തിനു കാരണങ്ങളെന്ന് വികസിത രാജ്യങ്ങള്‍ പറയുന്നു. താപനം കുറക്കാന്‍ എല്ലാ രാജ്യങ്ങളും ഒരുപോലെ പങ്കുവഹിക്കുകയും വേണം. വികസിത ലോകത്തെ വ്യവസായശാലകള്‍ പുറംതള്ളുന്ന ഹരിതഗൃഹ വാതകവും ഇതര മാരക വാതകങ്ങളുമാണ് താപവര്‍ധനവടക്കമുള്ള പരിസ്ഥിതി ദൂഷണത്തിന്റെ യഥാര്‍ഥ കാരണമെന്നാണ് മൂന്നാം ലോകം കരുതുന്നത്. വര്‍ഷാന്തം പുറംതള്ളുന്ന പ്രതിശീര്‍ഷ വിഷവാതകം അമേരിക്കയില്‍ 20 ടണ്ണും ആസ്ത്രേലിയയില്‍ 18 ടണ്ണുമാണെന്ന് ഈയിടെ നടന്ന ഒരു സര്‍വേ വെളിപ്പെടുത്തുകയുണ്ടായി. ജര്‍മനിയാണ് മൂന്നാം സ്ഥാനത്ത്. ഇന്ത്യയുടെ പ്രതിശീര്‍ഷ വിഷവാതക നിര്‍ഗമനം ഒരു ടണ്ണാണ്. നാമമാത്രമാണ് മറ്റു വികസ്വര രാജ്യങ്ങളുടെ പങ്ക്. ഈ വസ്തുതക്കു നേരെ കണ്ണടച്ചുകൊണ്ടാണ് ആഗോളതാപനം കുറക്കുന്നതില്‍ എല്ലാ രാജ്യങ്ങളും തുല്യ പങ്ക് വഹിക്കണമെന്ന് വികസിത രാജ്യങ്ങള്‍ ശഠിക്കുന്നത്. മൂന്നാം ലോക രാജ്യങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും മൂലം ആളുകള്‍ വനനശീകരണം പോലുള്ള പരിസ്ഥിതി ധ്വംസകമായ ഉപജീവനമാര്‍ഗങ്ങള്‍ തേടുന്നതാണ് താപന വര്‍ധനക്കും കാലാവസ്ഥാ വ്യതിയാനത്തിനും കാരണമെന്നും അവര്‍ വാദിക്കുന്നു.

ജി-എട്ട് ഉച്ചകോടി പ്രകൃതി ഘടന സംരക്ഷിക്കപ്പെടണമെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിച്ചുവെന്നത് ശരിയാണ്. എന്നാല്‍ പരിസ്ഥിതി സന്തുലനം നിലനിര്‍ത്താനുള്ള മാര്‍ഗങ്ങളേതെല്ലാമാണ്, വികസിത സമൂഹങ്ങള്‍ ഇക്കാര്യത്തില്‍ സ്വീകരിക്കാന്‍ പോകുന്ന നടപടികളെന്തൊക്കെയാണ് തുടങ്ങിയ വിഷയങ്ങളില്‍ ഉച്ചകോടി തികച്ചും വന്ധ്യമാണ്. കഴിഞ്ഞവര്‍ഷം ജപ്പാനിലെ ഹൈക്കൈയ്ഡോവില്‍ നടന്ന ജി-എട്ട് ഉച്ചകോടി പോലെ പരിസ്ഥിതി വിഷയത്തില്‍ കുറെ പ്രസ്താവനകള്‍ നടത്തി, പ്രതീക്ഷക്ക് വകയുള്ള നയപരിപാടികളോ പ്രവര്‍ത്തന പദ്ധതികളോ ഒന്നും അംഗീകരിക്കാതെ പിരിഞ്ഞുപോവുകയാണ് രാഷ്ട്രത്തലവന്മാര്‍ ചെയ്തത്. ഉറച്ച തീരുമാനമുണ്ടായത് സ്വതന്ത്ര വ്യാപാരം വികസിപ്പിക്കുന്ന കാര്യത്തില്‍ മാത്രമാണ്.

ഈ സാഹചര്യത്തില്‍, വികസിത രാജ്യങ്ങള്‍ സ്വന്തം ഉത്തരവാദിത്വം നിര്‍വഹിക്കുന്നില്ലെങ്കില്‍ പരിസ്ഥിതി സംരക്ഷണത്തില്‍ യാതൊരു പുരോഗതിയും ഉണ്ടാകാന്‍ പോകുന്നില്ല എന്ന് ഉച്ചകോടിയില്‍ പങ്കെടുത്ത ഇന്ത്യന്‍ പ്രധാനമന്ത്രി മന്‍മോഹന്‍ സിംഗ് പറഞ്ഞത് അസ്ഥാനത്തല്ല. കാലാവസ്ഥാ വ്യതിയാനം നേരിടുന്നതില്‍ വ്യവസായവത്കൃത രാജ്യങ്ങളുടെ ഭാഗത്തുനിന്ന് ക്രിയാത്മകമായ നീക്കങ്ങളുണ്ടാകുന്നില്ലെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്ത യു.എന്‍ സെക്രട്ടറി ജനറല്‍ ബാന്‍ കി മൂണും കുറ്റപ്പെടുത്തുകയുണ്ടായി.

2050 ആകുമ്പോഴേക്കും ഹരിത ഗൃഹവാതക നിര്‍ഗമനത്തിന്റെ തോത് ഇന്നത്തേതിന്റെ 50 ശതമാനമായി കുറക്കണമെന്നാണ് യു.എന്‍ നിര്‍ദേശം. 2050 വരെ നീണ്ട കാലാവധിയാണെന്നും 2040ഓടെ വാതക നിര്‍ഗമനം 40 ശതമാനം കുറക്കണമെന്നും ഇന്ത്യ ഉന്നയിച്ച നിര്‍ദേശം പ്രസക്തമാകുന്നു. ഇന്നത്തെ പോക്കുപോയാല്‍ 2050 ആകുമ്പോഴേക്കും ഈ ഭൂമി ഇന്നത്തെ അവസ്ഥയില്‍ അവശേഷിക്കുമോ എന്ന് സംശയിക്കുന്ന ശാസ്ത്രജ്ഞന്മാരുണ്ട്. ആധുനികലോകം ഒരു മഹാദുരന്തത്തിന്റെ തെല്ലിലാണ്. ലോകം നശിച്ചാലും ശരി, സ്വന്തം ഉല്‍പാദനത്തിനും ഉപഭോഗത്തിനും കോട്ടം തട്ടിക്കൂടാ എന്ന മുതലാളിത്ത മനസ്സിനു മാറ്റം വരാതെ, ലോകത്തിന് ഈ നാശവക്ത്രത്തില്‍നിന്ന് രക്ഷയില്ല.

യു.എന്‍ രക്ഷാസമിതി പുനഃസംഘടിപ്പിക്കണമെന്ന് പ്രധാനമന്ത്രി മന്‍മോഹന്‍ സിംഗ് ഉന്നയിച്ച ആവശ്യത്തെ മിക്ക രാഷ്ട്രങ്ങളും പിന്തുണച്ചുവെന്നത് ഉച്ചകോടിയില്‍ നമുക്കുണ്ടായ വിജയമായി കരുതാം. രക്ഷാസമിതിയില്‍ സ്ഥിരാംഗത്വം നേടുക എന്ന നമ്മുടെ ചിരകാലാഭിലാഷത്തിന്റെ സാക്ഷാത്കാരത്തിലേക്കുള്ള വലിയൊരു ചുവടുവെപ്പാണത്. ■